ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.06.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞയോടെ പതിനെട്ടാം ലോക്സഭയുടെ ആദ്യ സമ്മേളനത്തിന് ഇന്ന് തുടക്കം.

**First session of 18th Lok Sabha begins today with oath taking ceremony of newly elected members.**

2.) ലോക് സഭയിൽ യുവജനങ്ങളുടെ സാന്നിദ്ധ്യം വർധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി; രാജ്യത്തെ നയിക്കാൻ എല്ലാവരുടെയും പിന്തുണ വേണെന്നും പ്രധാനമന്ത്രി.

**Prime Minister Narendra Modi stated that the presence of youth in the Lok Sabha has increased; The Prime Minister requested the support from people to lead the country.**

3.) നീറ്റ്-യുജി ചോദ്യപേപ്പർ ചോർച്ചയിൽ സിബിഐ അന്വേഷണം തുടരുന്നു; ബിഹാറിലും മഹാരാഷ്ട്രയിലും ക്രമക്കേടുകൾ കണ്ടെത്തിയതായി റിപ്പോർട്ട്.

**CBI probe continues in NEET-UG question paper leak; Irregularities were reported in Bihar and Maharashtra.**

4.) മുതലപ്പൊഴി വിഷയത്തിലെ അടിയന്തര പ്രമേയത്തിന് അവതരണ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്.

മലബാർ മേഖലയിൽ പ്ലസ് വൺ സീറ്റ് ക്ഷാമമില്ലെന്ന് മന്ത്രി വി ശിവൻകുട്ടി.

**Opposition Members walks out of Kerala Assembly over lack of safety for fishers at Muthalapozhi; No shortage of Plus One seats in Malabar region, says Minister V Sivankutty.**

5.) കേരളത്തിന്റെ വടക്കൻ ജില്ലകളിൽ അതിതീവ്ര മഴയ്ക്ക് സാധ്യത; ഇന്ന് മൂന്ന് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

**Heavy rain to lash the northrn districts of Kerala; Orange alert issued in three districts today.**

6.) ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ 8 ൽ , ഇന്ന് ഇന്ത്യ - ഓസ്ട്രേലിയ പോരാട്ടം; മത്സരം രാത്രി 8 മണിക്ക്.

**In Twenty-20 World Cup, India to take on Australia in Super 8 Matches at 8 PM today.**

$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-1**

**PARL SESSION**

പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞയോടെ പതിനെട്ടാം ലോക്സഭയുടെ ആദ്യ സമ്മേളനത്തിന് ഇന്ന് തുടക്കം. സമ്മേളനത്തിന് മുന്നോടിയായി, രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ പ്രോടെം സ്പീക്കർ ഭർതൃഹരി മഹ്താബിന് രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു. തുടർന്ന് ലോക് സഭയിൽ പ്രോടെം സ്പീക്കർ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ലോക്സഭാംഗങ്ങളുടെ സത്യപ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി. ലോക്സഭാ നേതാവ് കൂടിയായ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്കാണ് ആദ്യം സത്യവാചകം ചൊല്ലി കൊടുത്തത്. പുതിയ ലോക്സഭാ സ്പീക്കറുടെ തിരഞ്ഞെടുപ്പ് ബുധനാഴ്ച നടക്കും. രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ വ്യാഴാഴ്ച അഭിസംബോധന ചെയ്യും. വ്യാഴാഴ്ച രാജ്യസഭ സമ്മേളനത്തിനും തുടക്കമാകും. അടുത്ത മാസം മൂന്നുവരെയാണ് പാർലമെന്റ് ചേരുന്നത്.

$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-2**

**PM BYTE**

**ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രദിനമാണിതെന്നും രാജ്യത്തെ നയിക്കാൻ എല്ലാവരുടെയും പിന്തുണ വേണമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. പാർലമെന്റിനു പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.**

**(PM BYTE)**

**ഇത്തവണ ലോക് സഭയിൽ യുവജനങ്ങളുടെ സാന്നിദ്ധ്യം വർദ്ധിച്ചിട്ടുണ്ടെന്നും വളരെ മികച്ച പ്രവണതയാണിതെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.**

$$$$$$$$$$$$$$$$$$$$$$$$$$$

**RIJIJU-PARLIEMENT**

18-ാം ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളെയും കേന്ദ്ര പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു സ്വാഗതം ചെയ്തു. അംഗങ്ങൾക്ക് തന്റെ പൂർണ്ണ പിന്തുണ ഉറപ്പു നൽകുന്നതായി കേന്ദ്രമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. പാർലമെന്റിന്റെ മികച്ച പ്രവർത്തങ്ങൾക്കായി എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നതായും ശ്രീ റിജിജു പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$

**OPPOSITION MPs- PARL**

പാർലമെന്റിൽ ഭരണഘടനയുടെ പകർപ്പുമായെത്തി I N D I A സഖ്യ നേതാക്കൾ. കോൺഗ്രസ്, ടിഎംസി, ഡിഎംകെ, ഇടത് പാർട്ടി അംഗങ്ങളാണ് ഭരണഘടനയുടെ പകർപ്പുമായി പാർലമെൻറിൽ എത്തിയത്. കോൺഗ്രസ് നേതാക്കളായ സോണിയാ ഗാന്ധി, രാഹുൽ ഗാന്ധി, മല്ലികാർജുൻ ഖർഗേ, ഡിഎംകെ നേതാവ് ടി ആർ ബാലു, ടിഎംസി നേതാവ് കല്ല്യാൺ ബാനർജി, സമാജ്വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് തുടങ്ങിയവർ മുദ്രാവാക്യങ്ങളുയർത്തി പാർലമെന്റ് പരിസരത്ത് ഒത്തുകൂടുകയായിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-4**

**KERALA ASSEMBLY**

കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. മുതലപ്പൊഴി വിഷയത്തിലെ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭ വിട്ടിറങ്ങിയത്. മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞ് അപകടത്തിൽപ്പെട്ട് മത്സ്യത്തൊഴിലാളികൾ മരിക്കുന്ന സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷത്തുനിന്ന് എം വിൻസെന്റ് ആണ് അടിയന്തര പ്രമേയ അവതരണത്തിന് അനുമതി തേടിയത്. മത്സ്യത്തൊഴിലാളികളുടെ പ്രശ്നത്തിന് ശാശ്വത പരിഹാരം വേണമെന്ന് എം വിൻസന്റ് ആവശ്യപ്പെട്ടു. വിഷയത്തിൽ ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പാലിക്കപ്പെട്ടില്ലെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു. എന്നാൽ മുതലപ്പൊഴിയിൽ അപകടം ഒഴിവാക്കുന്നതിനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചതായി മന്ത്രി സജി ചെറിയാൻ മറുപടി നൽകി. മുതലപ്പൊഴിയെ അപകടരഹിതമാക്കുന്നതിന്റെ ഭാഗമായുള്ള 164 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാലുടൻ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ വിട്ടിറങ്ങുകയായിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$$

## SIVANKUTTY – ASSEMBLY

മലബാർ മേഖലയിൽ പ്ലസ് വൺ സീറ്റ് ക്ഷാമമില്ലെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി. നിയമസഭ സമ്മേളനത്തിന് ശേഷം വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സീറ്റ് ഇല്ലെന്നത് വ്യാജപ്രചാരണമാണെന്നും മന്ത്രി പറഞ്ഞു. മലപ്പുറം ജില്ലയിൽ കൂടുതൽ ബാച്ചുകൾ അനുവദിച്ചത് ഇടത് സർക്കാരിന്റെ കാലത്താണെന്ന് നേരത്തെ മന്ത്രി നിയമസഭയിൽ അറിയിച്ചിരുന്നു. ഹയർ സെക്കണ്ടറി പ്ലസ്

വൺ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് മാർജിൻ സീറ്റുകളിൽ വർദ്ധനവ് അനുവദിച്ച് ഉത്തരവായിരുന്നെന്നും ശ്രീ ശിവൻകുട്ടി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$

**PLUS ONE SEAT**

കേരളത്തിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ വിവിധ വിദ്യാർത്ഥി സംഘടനകളുമായി മന്ത്രി വി ശിവൻകുട്ടി നാളെ ചർച്ച നടത്തും. നാളെ ഉച്ചക്ക് ശേഷം സെക്രട്ടറിയേറ്റിലാണ് ചർച്ച. വിദ്യാർത്ഥി സംഘടനകൾ നൽകിയ നിവേദനങ്ങൾ പരിഗണിച്ചാണ് ചർച്ച നടത്തുന്നത്.

$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-3**

**NEET-UG-CBI FIR**

നീറ്റ്-യുജി ചോദ്യപേപ്പർ ചോർച്ചയിൽ സിബിഐ അന്വേഷണം ആരംഭിച്ചു. വിദ്യാഭ്യാസ മന്ത്രാലയത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പരാതിയിലാണ് എഫ്ഐആർ രജിസ്റ്റർ ചെയ്തതെന്ന് സിബിഐ വൃത്തങ്ങൾ അറിയിച്ചു. കേസ് അന്വേഷിക്കാൻ സിബിഐ പ്രത്യേക സംഘത്തിന് രൂപം നൽകി. ലോക്കൽ പൊലീസ് കേസുകൾ രജിസ്റ്റർ ചെയ്ത പട്നയിലേക്കും ഗോധ്രയിലേക്കും പ്രത്യേക സിബിഐ സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$

**BIHAR+ MAHARASHTRA -NEET CASE**

നീറ്റ് പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട് മഹാരാഷ്ട്രയിലെ നാംദേഡിൽ രണ്ട് പേരെ തീവ്രവാദ വിരുദ്ധ സ്ക്വാഡ് അറസ്റ്റ് ചെയ്തു. സഞ്ജയ് തുക്കാറം ജാദവ്, ജലീൽ ഉമർ ഖാൻ എന്നിവരാണ് അറസ്റ്റിലായത്. അധ്യാപകരായ ഇവർ ലതൂറിൽ സ്വകാര്യ കോച്ചിങ് സ്ഥാപനം നടത്തുന്നതായും ചോദ്യപേപ്പർ ചോർച്ചയിൽ ഇവർക്ക് പങ്കുണ്ടെന്ന് സംശയിക്കുന്നതായും ഉദ്യോഗസ്ഥർ അറിയിച്ചു. മറ്റു രണ്ടു പേർക്കെതിരെ കൂടി ലതൂറിലെ ശിവാജിനഗർ പൊലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതേസമയം ബിഹാറിലെ ഹസാരിബാഗിലെ നീറ്റ് യുജി പരീക്ഷാ കേന്ദ്രത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയതായി സാമ്പത്തിക കുറ്റാന്വേഷണ യൂണിറ്റ് അറിയിച്ചു. ലുട്ടൻ മുഖിയ എന്ന പേരിൽ

അറിയപ്പെടുന്ന സഞ്ജീവ് കുമാറിൻറെ സംഘം വഴി ചോദ്യപ്പേപ്പർ ബിഹാറിൽ എത്തിയതായി അന്വേഷണ സംഘം കണ്ടെത്തി.

$$$$$$$$$$$$$$$$$$$$$$$$$$

**SHAH-FLOOD**

രാജ്യത്തെ നദികളിൽ ജലനിരപ്പ് ഉയരുന്നത് അറിയാനുള്ള സംവിധാനം നവീകരിക്കണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ കേന്ദ്ര കാലാവസ്ഥാ വകുപ്പിനും ജല കമ്മീഷനും നിർദ്ദേശം നൽകി. വെള്ളപ്പൊക്ക നിവാരണ തയ്യാറെടുപ്പുകൾ അവലോകനം ചെയ്യാൻ ന്യൂഡൽഹിയിൽ ചേർന്ന ഉന്നതതലയോഗത്തിലാണ് നിർദ്ദേശം. വെള്ളപ്പൊക്ക ദുരിതം പരിഹരിക്കാൻ തയാറാക്കിയ സമഗ്ര നടപടികൾ കേന്ദ്രമന്ത്രി വിലയിരുത്തി. കേന്ദ്ര ജൽശക്തി മന്ത്രി സി ആർ പാട്ടീൽ, ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

$$$$$$$$$$$$$$$$$$$$$$$$$$

**REV. IMD WEATHER**

ദക്ഷിണേന്ത്യയിൽ അടുത്ത അഞ്ച് ദിവസം അതിശക്തമായ മഴക്കു സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഗുജറാത്ത്, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഒഡീഷ, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലും തെക്കുപടിഞ്ഞാറൻ കാലവർഷം ശക്തമാകും. വരും ദിവസങ്ങളിൽ പശ്ചിമ മധ്യപ്രദേശ്, ഗുജറാത്ത്, ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ട്. വടക്കുകിഴക്കൻ ഇന്ത്യയിലും പശ്ചിമ ബംഗാളിലും അടുത്ത അഞ്ച് ദിവസം മഴ തുടരും. അതേസമയം, പടിഞ്ഞാറൻ ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ഡൽഹി എന്നിവിടങ്ങളിൽ ഇന്നും നാളെയും ഉഷ്ണതരംഗത്തിനു സാധ്യതയെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-5**

**RAIN KERALA**

കേരളത്തിൽ വടക്കൻ ജില്ലകളിൽ അതിതീവ്ര മഴയ്ക്ക് സാധ്യത. കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള മറ്റ് ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയും നിലവിലുണ്ട്. വ്യാഴാഴ്ച വരെ കേരളം, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തതിന് വിലക്ക് ഏർപ്പെടുത്തി. കേരളതീരത്ത് ഉയർന്ന തിരമാലയ്ക്ക് സാധ്യതയുള്ളതിനാൽ പൊതുജനങ്ങളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

## T-20 WORLD CUP

ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ 8 ൽ , ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 മണിയ്ക്കാണ് മത്സരം. സെമി ഫൈനലിലേക്ക് മുന്നേറണമെങ്കിൽ ഇന്ത്യക്ക് ഇന്നത്തെ മത്സരം ജയിക്കണം. ഇന്ന് രാവിലെ വെസ്റ്റ് ഇൻഡീസിനെതിരെ നടന്ന മത്സരത്തിൽ ദക്ഷിണാഫ്രിക്ക മൂന്ന് വിക്കറ്റിന് വിജയിച്ചു. ജയത്തോടെ ദക്ഷിണാഫ്രിക്ക സെമിഫൈനലിലേക്ക് യോഗ്യത നേടി.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## JAISHANKAR-PASSPORT

പാസ്പോർട്ട് സേവനങ്ങൾ സമയബന്ധിതവും സുഗമവുമാക്കാൻ വിദേശകാര്യ മന്ത്രാലയം പ്രതിജ്ഞാബദ്ധമെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. 2023ൽ 1.65 കോടി പാസ്പോർട്ട് സേവനങ്ങൾ മന്ത്രാലയം നൽകിയതായും അദ്ദേഹം പറഞ്ഞു. 12-ാമത് പാസ്പോർട്ട് സേവാ ദിനത്തിൽ രാജ്യത്തെ പാസ്പോർട്ട് അതോറിട്ടി ഉദ്യോഗസ്ഥർക്ക് അദ്ദേഹം ആശംസകൾ നേർന്നു. പൗര കേന്ദ്രീകൃത വിദേശ നയത്തിനായുള്ള ഉദ്യോഗസ്ഥരുടെ ശ്രമത്തെയും ശ്രീ ജയശങ്കർ സമൂഹമാധ്യമ കുറിപ്പിൽ അഭിനന്ദിച്ചു. പേപ്പർ രഹിത സേവനങ്ങൾക്കായി ഡിജി ലോക്കർ സാങ്കേതിക വിദ്യയുമായി പാസ്പോർട്ട് സേവാ സംവിധാനത്തെ ബന്ധിപ്പിച്ചതായും കേന്ദ്രമന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 82 പോയിന്റ് ഉയർന്ന് 77,292 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 34 പോയിൻറ് ഉയർന്ന് 23,535- ലും വ്യാപാരം തുടരുന്നു.

$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$$$$